എ.ഡി(1) 4319/2013

സഹകരണ ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ.പി.ഒ. പി.ബി. നമ്പർ. 5432
തിരുവനന്തപുരം, തീയതി. **23/08/2013**

## സർക്കുലർ. നമ്പർ. 10/2013

വിഷയം:- സഹകരണ വകുപ്പ് - ആഡിറ്റ് - സഹകരണ മേഖലയ്ക്കു പുറത്ത് മിച്ച ഫണ്ട് നിക്ഷേപം നിയന്ത്രിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 30/12/2006 ലെ 63/2006 നമ്പർ സർക്കുലർ.

2) സഹകരണ സംഘം രജിസ്ട്രാറുടെ 22/08/2011 ലെ 65/2011 നമ്പർ സർക്കുലർ.

3) സഹകരണ സംഘം രജിസ്ട്രാറുടെ 12/07/2013 ലെ 44/2013 നമ്പർ സർക്കുലർ.

സൂചനകൾ പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ അവയുടെ നിക്ഷേപങ്ങൾ സഹകരണ മേഖലയ്ക്കു പുറത്ത് നിക്ഷേപിയ്ക്കാൻ പാടില്ലായെന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ സ്വകാര്യ, ദേശസാൽകൃത ബാങ്കുകളിൽ നിന്നും നേരിടുന്ന രൂക്ഷമായ മൽസരത്തിന്റെ പശ്ചാത്തലത്തിൽ സഹകരണ മേഖലയിൽ സ്വീകരിക്കപ്പെടുന്ന നിക്ഷേപങ്ങൾ സഹകരണ മേഖലയിൽ തന്നെ വിനിയോഗിക്കുവാൻ കഴിയണം. ഈ സാഹചര്യത്തിലാണ് സൂചന(3) പ്രകാരമുള്ള നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പല സഹകരണ സംഘങ്ങളും പാലിക്കുന്നില്ല എന്ന് ആഡിറ്റ് വേളയിൽ മനസിലാക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. സംഘങ്ങളുടെ ആഡിറ്റ് നടത്തുന്ന അവസരത്തിൽ മേൽ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ആഡിറ്റർമാർ വ്യക്തമായി പരിശോധിക്കേണ്ടതും, മിച്ച ഫണ്ടുകൾ സഹകരണ മേഖലയ്ക്കു പുറത്ത് നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആ വിവരം വ്യക്തമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

2. ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നവേളയിൽ നിക്ഷേപങ്ങളുടെ സ്റ്റേറ്റ്മെന്റ് വിശദമായി ആഡിറ്റർമാർ പരിശോധിക്കുകയും എത്ര ശതമാനം ഇപ്രകാരം സഹകരണ മേഖലയ്ക്കു പുറത്ത് നിക്ഷേപിച്ചു എന്ന് വിലയിരുത്തേണ്ടതും ആയത് സംബന്ധിച്ച പ്രത്യേക സ്റ്റേറ്റ്മെന്റ് വാങ്ങി റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതും, ന്യൂനതാ സംഗ്രഹത്തിൽ പരാമർശിക്കേണ്ടതുമാണ്.

3. സ്വകാര്യ, ദേശസാൽകൃത ബാങ്കുകളിൽ സഹകരണ സ്ഥാപനങ്ങൾ രജിസ്ട്രാറുടെ അനുമതിയോടെ പ്രത്യേക ആവശ്യങ്ങൾക്കായി നിക്ഷേപം നടത്തിയതായി കണ്ടെത്തിയാൽ ആയതു സംബന്ധിച്ച ഭരണസമിതി തീരുമാനം അനുവദിച്ചതിൽ കൂടുതൽ തുക നിക്ഷേപിച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കേണ്ടതും. അനുവദിച്ചതിലുപരിയായി നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ ടി തുക പിൻവലിക്കാൻ നിർദ്ദേശം നൽകേണ്ടതും, സർക്കുലർ നിർദ്ദേശ ലംഘനം സംബന്ധിച്ച് ന്യൂനതാ സംഗ്രഹത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

4. രജിസ്ട്രാറുടെ അനുമതിയോടെ സ്വകാര്യ, ദേശസാൽകൃത ബാങ്കുകളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ സംബന്ധിച്ച് ആഡിറ്റ് വേളയിൽ പരിശോധന നടത്തേണ്ടതും, മുൻപ് നൽകിയിട്ടുള്ള അനുമതി തുടരേണ്ട സാഹചര്യമുണ്ടോ എന്നു പരിശോധിക്കേണ്ടതും അനുമതി ഉത്തരവ് റദ്ദ് ചെയ്യേണ്ട സാഹചര്യമുണ്ടെങ്കിൽ അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

5. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ജോയിന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, തങ്ങളുടെ നിയന്ത്രണത്തിലുള്ള ആഡിറ്റർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും കർശനമായി പാലിക്കുന്നു എന്നുറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
**വി. സനൽകുമാർ, ഐ.എ.എസ്**
സഹകരണ ആഡിറ്റ് ഡയറക്ടർ

പകർപ്പ് :-
1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും, എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും, കെ.എസ്.സി.ബി, ഹാന്റക്സ്,
   കെ.എസ്.സി.എ.ആർ.ഡി ബി
4. അഡീഷണൽ ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കൺസ്യൂമർ ഫെഡ്
5. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, മിൽമ, ഹൗസ്ഫെഡ്, ദിനേശ് ബീഡി
6. സമകാല ആഡിറ്റർമാർ, എല്ലാ അപെക്സ്, റീജിയണൽ, സെൻട്രൽ സഹകരണ സംഘങ്ങളും
5. അഡീഷണൽ ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ ആഫീസ്
6. എ.ഡി(2),(3),(4) സെക്ഷനുകൾക്ക്
7. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

സഹകരണ ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ